"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - തൃശ്ശൂർ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി II-നെ തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.192/2024/HOME തീയതി,തിരുവനന്തപുരം, 16-08-2024

---

പരാമർശം:- 1. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 13.09.2023 തീയതിയിലെ DII-2-65565/2023 നമ്പർ കത്ത്

2. 09/11/2023 തീയതിയിലെ CM-CJ യോഗത്തിന്റെ നടപടി കുറിപ്പ്.

3. ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 23.03.2024 തീയതിയിലെ D7(B)-48814/2010/DII-3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജില്ലാ കോടതിയുടെ സുഗമമായ പ്രവർത്തനത്തിനും കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർ പ്പാക്കുന്നതിനുമായി തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II) -നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും 10 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് വേർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) സമർപ്പിച്ചിരുന്നു. തുടർന്ന് പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽനിന്നും 3 തസ്തികകളും, സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും 2 തസ്തികകളും ട്രാൻസ്ഫർ ചെയ്തു കൊണ്ട് തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി(II)-നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ പരാമർശം(2)-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി രജിസ്ട്രാർ ജനറൽ പരാമർശം (3) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം

മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും 3 തസ്തികകളും, സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും 2 തസ്തികകളും ട്രാൻസ്ഫർ ചെയ്തു കൊണ്ട് ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II)-നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പുതുതായി സൃഷ്ടിക്കേണ്ട തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | ജില്ലാ ജഡ്ജ് | 1 |
| 2 | ബഞ്ച് ക്ലാർക്ക് | 1 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| | **ആകെ** | 3 |

| ക്രമ നം | താല്ക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന തസ്തികകൾ | തസ്തികകളുടെ എണ്ണം | തസ്തികകൾ മാറ്റുന്ന താല്ക്കാലിക കോടതികൾ |
|---|---|---|---|
| 1 | ക്ലാർക്ക് | 2 | ഒരു ക്ലാർക്ക് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട്, സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും<br>&<br>ഒരു ക്ലാർക്ക് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം ,അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |
| 2 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് |
| 3 | ഓഫീസ് അറ്റൻഡന്റ് | 2 | ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും<br>&<br>ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം, അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |
| | **ആകെ** | 5 | |

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്),കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (ആ.No.2595341/EXP-D2/301/22-FIN dated 29.06.2024 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2335 തീയതി 14.08.2024)

വെബ്ബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (ഗവ. വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar S
Date: 16-08-2024 15:57:28

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-08-2024

ഫയൽ നം. സി1/240/2023/ആഭ്യന്തരം. ഇനം നം: 2335

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും താത്കാലിക കോടതികളിൽ നിന്നും 5 തസ്തികകൾ ട്രാൻസ്ഫർ ചെയ്ത് കൊണ്ടും തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II)-നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വിഭജിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/240/2023/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി -പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും താത്കാലിക കോടതികളിൽ നിന്നും 5 തസ്തികകൾ ട്രാൻസ്ഫർ ചെയ്ത് കൊണ്ടും തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II)-നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വിഭജിയ്ക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/07/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02/08/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/08/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 12/08/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/08/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം താത്കാലിക കോടതികളിൽ നിന്നും 5 തസ്തികകൾ ട്രാൻസ്ഫർ ചെയ്ത് കൊണ്ടും തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി ( II) –നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാരുടെ (ജില്ലാ ജുഡീഷ്യറി) നിർദേശമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) ജില്ലാ കോടതിയുടെ സുഗമമായ പ്രവർത്തനത്തിനും കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനുമായി തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II) –നെ തൃശ്ശൂർ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് വേർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) സമർപ്പിച്ചിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | ജില്ലാ ജഡ്ജ് | 144840-194660 | 1 |
| 2 | ബഞ്ച് ക്ലാർക്ക് | 39300-83000 | 1 |
| 3 | സീനിയർ ക്ലാർക്ക് | 35600-75400 | 1 |
| 4 | ക്ലാർക്ക് | 26500-60700 | 2 |
| 5 | കോൺഫിൻഷ്യൽ അസിസ്റ്റന്റ് Gr.II | 35600-75400 | 1 |
| 6 | എൽ.ഡി ടൈപ്പിസ്റ്റ് | 26500-60700 | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 23000-50200 | 3 |
| | ആകെ | | 10 |

3) തുടർന്ന് 09/11/2023- ൽ നടന്ന CM-CJ യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനമെടുക്കുകയുണ്ടായി.

*"Six Special Courts namely, Edamalayar, Sooryanelli, EC Act Court, Marad Courts (Sessions and Judicial First Class Magistrate Courts) and Mark sheet court have completed their works. However,these Courts are continuing with additional judicial works,it is decided to shift 8 posts from these 6 Courts and only 4 posts would be created by Government to establish SC/ST Court at Ernakulam. The proposal to this effect once received from the High Court would be approved within 2 months of receipt with permission for inter-district transfer of such employees recruited by KPSC. It is decided to approve the proposal to create SC/ST Court at Ernakulam and Additional District Court, Thrissur by bifurcating Special Court under PC Act-cum-Additional District Court, Thrissur and to shift 12 (twelve) posts from the above mentioned defunct 6 (six) Courts requiring to create only 6 posts in total in both the courts. The proposal to this effect once received from the High Court, will be approved within two months."*

4) പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽനിന്നും 3 തസ്തികകളും, സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽനിന്നും 2 തസ്തികകൾ ട്രാൻസ്ഫർ ചെയ്തു കൊണ്ടും ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി - II-നെ തൃശ്ശൂർ,എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിനുള്ള പുതുക്കിയ പ്രൊപോസൽ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി .

| നിർദ്ദിഷ്ട കോടതിയുടെ പേര് | ആവശ്യമായ ആകെ തസ്തികകൾ | പുതിയതായി അനുവദിക്കേണ്ട തസ്തികകളുടെ പേരും എണ്ണവും | താൽക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യാൻ നിർദേശിക്കപ്പെട്ട തസ്തികകൾ | തസ്തികകൾ ട്രാൻസ്ഫർ ചെയ്യുന്ന താൽക്കാലിക കോടതികൾ |
|---|---|---|---|---|
| അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതി, തൃശ്ശൂർ | 8 | ജില്ലാ ജഡ്ജ്-1 | ക്ലാർക്ക്-2 | ഒരു ക്ലാർക്ക് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും & ഒരു ക്ലാർക്ക് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |
| | | ബഞ്ച് ക്ലാർക്ക്-1 | എൽ.ഡി ടൈപ്പിസ്റ്റ്-1 | മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി, കോഴിക്കോട് |
| | | കോൺഫിൻഷ്യൽ അസിസ്റ്റന്റ്-1 | ഓഫീസ് അറ്റൻഡന്റ് -2 | ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ |

| | | | | |
|---|---|---|---|---|
| | | | | അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും<br>&<br>ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം, അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |

5) ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു;

*" 'Finance' agrees to accord administrative sanction for the separation of the Additional District and Sessions Court-II, Thrissur from the Court of Enquiry Commissioner and Special Judge, Thrissur by sanctioning 3 additional posts (District Judge-1, Bench Clerk-1, Confidential Assistant -1) and by transferring 5 posts from various temporary courts as suggested by RHC.*

*This has the approval of Hon'ble Minister (Finance)"*

6) ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

***<u>തീരുമാനിക്കേണ്ട വിഷയം</u>***

പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും 3 തസ്തികകളും, സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും

2 തസ്തികകൾ ട്രാൻസ്ഫർ ചെയ്തു കൊണ്ടും ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി തൃശ്ശൂരിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി (II)-നെ തൃശ്ശൂർ,എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ നിന്നും വേർപ്പെടുത്തുന്നതിന് അനുമതി നൽകാമോ?

| **ക്രമ നം.** | **പുതുതായി സൃഷ്ടിക്കേണ്ട തസ്തികയുടെ പേര്** | **തസ്തികയുടെ എണ്ണം** |
|---|---|---|
| 1 | ജില്ലാ ജഡ്ജ് | 1 |
| 2 | ബഞ്ച് ക്ലാർക്ക് | 1 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| | **ആകെ** | **3** |

| **ക്രമ നം** | **താല്ക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന തസ്തികകൾ** | **തസ്തികകളുടെ എണ്ണം** | **തസ്തികകൾ മാറ്റുന്ന താല്ക്കാലിക കോടതികൾ** |
|---|---|---|---|
| 1 | ക്ലാർക്ക് | 2 | ഒരു ക്ലാർക്ക് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട്, സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും & ഒരു ക്ലാർക്ക് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം ,അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |

| | | | |
|---|---|---|---|
| 2 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി, കോഴിക്കോട് |
| 3 | ഓഫീസ് അറ്റൻഡന്റ് | 2 | ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയിൽ നിന്നും & ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക സൂര്യനെല്ലി കേസുകളുടെ വിചാരണയ്ക്കായുള്ള കോട്ടയം, അഡി. ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിൽ നിന്നും |
| | **ആകെ** | 5 | |